ഭരണഭാഷ – മാതൃഭാഷ

**No.TRY/6084/2024-F4(33494)**

ട്രഷറി ഡയറക്ടറേറ്റ്
തിരുവനന്തപുരം,
തീയതി: **31-12-2025**

പ്രേഷകൻ

ട്രഷറി ഡയറക്ടർ

സ്വീകർത്താവ്

എല്ലാ ജില്ലാ/സബ് ട്രഷറി ഓഫീസർമാർക്കും

സർ,

വിഷയം: ട്രഷറി വകുപ്പ്-കാലാവധി പൂർത്തിയാക്കിയ വ്യക്തിഗത ട്രഷറി സ്ഥിരനിക്ഷേപങ്ങൾ പിൻവലിക്കാതെ ദീർഘ നാളുകളായി അവശേഷിക്കുന്നവയിൽ ഇടപാടുകൾ നടത്തുന്നതിനുള്ള പുതുക്കിയ നടപടിക്രമങ്ങൾ അറിയിക്കുന്നത്-സംബന്ധിച്ച്

സൂചന: സ.ഉ.(അച്ചടി) നമ്പർ **153/2025**/ധന തീയതി **18/12/2025**

വിഷയത്തിലേക്കും സൂചനയിലേക്കും താങ്കളുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു. ട്രഷറികളിലെ ഒട്ടേറെ വ്യക്തിഗത സ്ഥിരനിക്ഷേപങ്ങൾ കാലാവധി പൂർത്തിയായിട്ടും നിക്ഷേപകരോ/ അവകാശികളോ തുക പിൻവലിക്കാതെ അവശേഷിക്കുകയും ദീർഘനാളുകൾക്കുശേഷം അവയിൽ ഇടപാടുകൾ നടത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് അപേക്ഷകൾ സമർപ്പിച്ച് വരുന്നതായും കണ്ടെത്തിയിരുന്നു. മേൽ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിൽ നിന്നും ഇത്തരത്തിലുള്ള നിക്ഷേപങ്ങളുടെ ഇടപാടുകൾ നടത്തുന്നത് സംബന്ധിച്ച് സർക്കാർ സൂചന പ്രകാരം പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരിക്കുകയാണ്.

വ്യക്തിഗത സ്ഥിരനിക്ഷേപങ്ങളുടെ കാലാവധി **(Maturity Period)** പൂർത്തിയാക്കി ഒരു വർഷത്തിനുള്ളിൽ പുതുക്കി നിക്ഷേപിക്കുന്നതിനുള്ള അപേക്ഷ ലഭിക്കാത്ത സാഹചര്യത്തിൽ അവ പുതുക്കി നൽകേണ്ടതില്ല എന്ന് സൂചന പ്രകാരം ഉത്തരവായിട്ടുള്ളതാണ്. **18/12/2025** മുതൽ സമർപ്പിക്കപ്പെടുന്ന അപേക്ഷകളിന്മേൽ, കാലാവധി പൂർത്തിയായി ഒരു വർഷം കഴിഞ്ഞിട്ടുള്ളവ നിലവിലുള്ള സ്ഥിരനിക്ഷേപം ക്ലോസ് ചെയ്ത്

പുതിയത് ആരംഭിക്കേണ്ടതും കാലാവധി പൂർത്തിയാക്കിയ തീയതി മുതൽ ക്ലോസ് ചെയ്യുന്നത് വരെയുള്ള കാലയളവിൽ സേവിങ്സ് ബാങ്ക് നിരക്കിലുള്ള പലിശ മാത്രം നൽകേണ്ടതുമാണ്.

**Kerala Treasury Code Volume II Appendix 3**-ലെ ചട്ടം **76** പ്രകാരമുള്ള ഒരു **Daily Reference Register** എല്ലാ ട്രഷറികളിലും തയ്യാറാക്കി സൂക്ഷിക്കേണ്ടതും കാലാവധി പൂർത്തിയായിട്ടും ക്ലോസ് ചെയ്യപ്പെടാതെ അവശേഷിക്കുന്ന വ്യക്തിഗത സ്ഥിരനിക്ഷേപ അക്കൗണ്ട് ഉടമകളുടെ വിവരങ്ങൾ കണ്ടെത്തി നിക്ഷേപ കാലാവധി സംബന്ധിച്ചുള്ള അറിയിപ്പുകൾ നൽകുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതുമാണ്.

കാലാവധി പൂർത്തിയാക്കി **5** വർഷം പൂർത്തിയായിട്ടും പുതുക്കി നിക്ഷേപിക്കുന്നതിനോ പിൻവലിക്കുന്നതിനോ അപേക്ഷ സമർപ്പിക്കപ്പെടാത്ത വ്യക്തിഗത സ്ഥിരനിക്ഷേപങ്ങൾ സർക്കാരിലേക്ക് വരവ് വെച്ച് നൽകുന്നതിനുള്ള നടപടികൾ ഈ കാര്യാലയത്തിൽ നിന്നും തുടർനിർദ്ദേശങ്ങൾ ലഭ്യമാകുന്നതിനസരിച്ച് മാത്രം സ്വീകരിക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ

Digitally signed by
SAJAN V
Date: 31-12-2025
15:52:13

**V SAJAN**
**DIRECTOR**

പകർപ്പ് :

എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും